**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3979** **15-07-2022 - ൽ മറുപടിയ്ക്ക്**

**എ.പി.എൽ. കാർഡുകാർക്കുള്ള അരി, ഗോതമ്പ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാലത്ത് റേഷൻ കടകൾ വഴി കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻകടക്കാർക്ക് നൽകുവാനുള്ള പതിനൊന്ന് മാസത്തെ കമ്മീഷൻ തുക കോടതി ഉത്തരവുണ്ടായിട്ടും കൊടുത്തു തീർക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ; | (എ) | റേഷൻ കടകൾ വഴി കോവിഡ് കാലത്ത് കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ കടക്കാർക്ക് നൽകുവാനുള്ള കമ്മീഷൻ തുക വിതരണം നടത്തുന്നത് സംബന്ധിച്ച കോടതി വിധി സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | മറ്റ് ക്ഷേമനിധികളിൽ ഉള്ളതുപോലെയുള്ള സർക്കാർ വിഹിതം റേഷൻ കടക്കാർക്കുള്ള ക്ഷേമനിധിയിൽ ഇല്ലാത്തത് പരിഹരിക്കുന്നതിനും ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | റേഷൻ കടക്കാർക്കുള്ള ക്ഷേമനിധിയിലേയ്ക്ക് മറ്റ് ക്ഷേമനിധികൾക്ക് നൽകുന്നതുപോലെ ചെലവിനായി മാസംതോറും സർക്കാർ വിഹിതം നൽകുന്നില്ല. കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ് ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശയും റേഷൻ വ്യാപാരികളിൽ നിന്നും അംശാദായമായി ലഭിയ്ക്കുന്ന തുകയുമാണ്. ടി ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിയ്ക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ നിലവിൽ ഇല്ല. |
| (സി) | റേഷൻകടക്കാർക്കുള്ള ചികിൽസാ സഹായം ഇരുപത്തി അയ്യായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | എ.പി.എൽ. കാർഡ് ഉടമകൾക്കുള്ള ഗോതമ്പ് വിതരണം നിർത്തിവച്ചിരിക്കുന്നത് പരിഹരിക്കുന്നതിനും മണ്ണെണ്ണയുടെ വിതരണ അളവ് വർദ്ധിപ്പിക്കുന്നതിനും വിലവർദ്ധനവ് തടയുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായി ക്കൊണ്ടിരുന്ന ടൈഡ്ഓവർ വിഹിതത്തിൽ ഗോതമ്പ് അനുവദിയ്ക്കുന്നത് കേന്ദ്ര സർക്കാർ 2023 മാർച്ച് വരെ നിർത്ത ലാക്കിയതിനെ തുടർന്നാണ് എ.പി.എൽ. കാർഡ് ഉടമകൾക്കുള്ള ഗോതമ്പ് വിതരണം നിർത്തിവച്ചിരിക്കുന്നത്. മണ്ണെണ്ണ യുടെ അലോട്ട്മെന്റ് പടിപടിയായി കേന്ദ്ര സർക്കാർ കുറവ് വരുത്തുന്നതു കൊണ്ടാണ് സംസ്ഥാനത്തും വിതരണ തോത് കുറവ് വരുത്തേണ്ട സാഹചര്യം |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്നത്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പി യ്ക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ് . |
| (ഇ) | എ.പി.എൽ. കാർഡ് ഉടമകൾക്ക് എല്ലാ മാസവും പത്ത് കിലോ അരി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിന് (വെള്ള കാർഡുടമകൾക്ക്) ഓരോ മാസത്തേയും നീക്കിയിരുപ്പ് ഉൾപ്പെടെയുള്ള അരിയുടെ ലഭ്യത കണക്കിലെടുത്താണ് വിതരണതോത് നിശ്ചയി യ്ക്കുന്നത്. ടൈഡ് ഓവർ വിഹിതത്തിൽ ഗോതമ്പിന് പകരമായി അരി കേന്ദ്രം അനുവദിച്ചിട്ടുള്ളതിനാൽ 2022 ജൂൺ, ജൂലൈ മാസങ്ങളിൽ 10Kg അരി ഈ വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട് . |
| (എഫ്) | ഒരു കുടുംബത്തിന് റേഷൻകട ഉണ്ടെങ്കിൽ വേറെ കടയ്ക്ക് അപേക്ഷ നൽകാൻ പാടില്ലായെന്നും സെയിൽസ്മാന് പത്ത് വർഷത്തെ പരിചയം ഉണ്ടാകണമെന്നുമുള്ള കേരള റേഷനിംഗ് ഓർഡർ പരിഷ്കരണത്തിന്റെ ഫലമായുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ